# കഷ്ടതയിലൂടെ പൂർണ്ണത.

സാക് പുന്നൻ

WFTW 22 സെപ്റ്റംബർ 2013

ക്രിസ്തുവിലൂള്ള തന്റെ നിത്യതേജസിനായി നിങ്ങളെ വിളിച്ചിരിക്കുന്ന സർവ്വ കൃപാലുവായ ദൈവം തന്നെ നിങ്ങൾ അല്പകാലത്തേയ്ക്കു കഷ്ടം സഹിച്ച ശേഷം നിങ്ങളെ പരിപൂർണ്ണരക്കുകയും ഉറപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്യും. (1 പത്രോ 5:10). ഇവിടെ ദൈവത്തെ സർവ്വ കൃപാലുവായ ദൈവം എന്നു വിളിച്ചിരിക്കുന്നു. അവിടുന്നു തന്റെ ജനത്തെ കഷ്ടതയിലൂടെ നടത്തി അവർക്കു തന്റെ കൃപ നൽകി അവരെ പരിപൂർണ്ണരാക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. തന്റെ ജഡത്തിൽ ശൂലം സ്വീകരിച്ചു കൊണ്ട് പൗലോസ് സകലത്തിനും മതിയായ ദൈവകൃപയെ അനുഭവിക്കുന്നു ( 2 കൊരി 12: 710 ). ദൈവം നമുക്ക് തന്റെ കൃപയെ പകരുന്നതിനു മുഖാന്തിരമായ കഷ്ടതകളെ കുറിച്ച് പത്രോസ് തന്റെ ആദ്യ ലേഖനത്തിലും വളരെ പറയുന്നുണ്ട്.

നാം ഇങ്ങനെ വായിക്കുന്നു 'ഇതിനായിട്ടല്ലൊ നിങ്ങളെ വിളിച്ചിരിക്കുന്നത്' ക്രിസ്തു നിങ്ങൾക്കു വേണ്ടി പീഢനം സഹിക്കുകയും നിങ്ങൾ അവിടുത്തെ കാൽച്ചുവടുകൾ പിന്തുടരുവാൻ ഒരു മാതൃക നൽക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം ഒരു പാപവും ചെയ്തില്ല. അവിടുത്തെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നില്ല (1 പത്രോ 2:21,23) ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചത് കൊണ്ട് നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ. ജഡത്തിൽ കഷ്ടം അനുഭവിച്ചവൻ പാപം വിട്ടു ഒഴിഞ്ഞിരിക്കുന്നു. (1 പത്രോ 4:1). ജഡത്തിൽ കഷ്ടം അനുഭവിച്ച ക്രിസ്തുവിന്റെ മാതൃക പിന്തുടരുവാനും അങ്ങനെ നമുക്ക് എപ്പോഴും പാപത്തിൽ വിഴാതിരിക്കാമെന്നും വളരെ വ്യക്തമായി നമ്മോടു പറയുന്നു. കൃപ നമ്മെ വിശുദ്ധരാക്കുന്നതിനു വേണ്ടിയാണു, 'നമ്മെ വിളിച്ചവൻ വിശുദ്ധനായിരിക്കുന്നതു പോലെ' (1 പത്രോ 1:15).

പത്രോസ് ഇവിടെ നമ്മെ ഓർമ്മിപിക്കുന്നതു നാം ജഡത്തിൽ കഷ്ടം അനുഭവിച്ചാൽ ജീവിതകാലം മുഴുവൻ പാപം ചെയ്യാതെ ദൈവയിഷ്ടം ചെയ്തു ജീവിക്കുമെന്നാണ് (1 പത്രോ 4:1,2 ). ജഡത്തിൽ കഷ്ടം അനുഭവിക്കുകയെന്നാൽ രോഗിയാക്കുകയെന്നല്ല. രോഗിയായതുകൊണ്ടു ആരും പാപം ചെയ്യുന്നതു നിർത്തുന്നില്ല. അതിന്റെ അർത്ഥം ക്രിസ്തു നിമിത്തം അടിയേൽക്കുന്നതുമല്ല, അങ്ങനെയും ആരും പാപം ചെയ്യുന്നത് അവസാനിപ്പിച്ചിട്ടില്ല . ദൈവയിഷ്ടത്തിനു എതിരെയുള്ള സ്വന്തയിഷ്ടത്തെ നിഷേധിക്കുന്നതാണ് ജഡത്തിൽ കഷ്ടം അനുഭവിക്കുകയെന്നതു. ഏതു പാപവും ഒരു സുഖം നൽക്കുന്നുണ്ട് . കഷ്ടതയെന്നാൽ ഈ സുഖം ആസ്വദിക്കുകയെന്നതിന്റെ നേരെ എതിരാണ്. ഓരോ സാഹചര്യത്തിലും കഷ്ടം സഹിക്കുവാൻ നാം തയ്യാറാണെങ്കിൽ നാം പാപം ചെയ്യാതിരിക്കും. നാം തയ്യാറാണെങ്കിൽ ദൈവം നമ്മെ സഹായിക്കും. നമ്മെ അതിനായി ഒരുക്കുന്നതിനു ദൈവം പ്രവർത്തിക്കുന്നു ( ഫിലി 2: 12,13 ). എന്നാൽ നാം പലപ്പോഴും ദൈവത്തിന്റെ പ്രവൃത്തിയെ തടുക്കുന്നതിനാൽ നാം പരാജയത്തിൽ തുടരുന്നു.

ക്രിസ്തു ജഡത്തിൽ കഷ്ടത അനുഭവിച്ചു നമ്മളും ആ മനസ്സുള്ളവരാകണം. യേശു തന്റെ ജീവിതകാലം മുഴുവൻ സ്വന്ത ഇഛയെ വെടിഞ്ഞുകൊണ്ടുള്ള മാർഗ്ഗത്തിലാണ് പോയത്. അവിടുന്നു ഈ ഭുമിയിലേയ്ക്കു ജഡത്തിൽ വന്ന് ഒരിക്കല്ലും സ്വന്തയിഷ്ടം ചെയ്തില്ല. എത്ര കഷ്ടം സഹിക്കേണ്ടതാണെങ്കിലും കൂടി അവിടുന്നു പിതാവിന്റെ ഇഷ്ടം മാത്രമാണ് ചെയ്തത് ( യോഹ 6:36 ). അങ്ങനെ അവിടുന്നു ഒരിക്കല്ലും പാപം ചെയ്തില്ല. ഇപ്പോൾ നമുക്കും അവസരമുണ്ടായിരിക്കുകയാണ്, 'ഒരു പാപവും ചയ്യാത്തവന്റെ കാലടികകൾ പിന്തുടരുവാൻ' (1 പത്രോ 2:21,22 )

ഇതാണ് ദൈവ കൃപയുടെ സുവിശേഷം(സുവാർത്ത)

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)